**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T. 2352**
**23.01.2014- ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ വ്യവസ്ഥകൾ

ചോദ്യം
ശ്രീ. വി. ശിവൻ കുട്ടി
ശ്രീ. ജി. സുധാകരൻ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. റ്റി.വി. രാജേഷ്

ഉത്തരം
ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | 2013 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ സംവിധാനത്തിന്റെ വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് വിശദമാക്കാമോ? | ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ രൂപീകരിച്ച പി.എഫ്.ആർ.ഡി.എ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായാണ് 2013 ഏപ്രിൽ ഒന്നു മുതൽ സംസ്ഥാനത്ത് ദേശീയ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ 07.01.2013-ലെ സ.ഉ. നം. 20/2013/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനായി പി.എഫ്.ആർ.ഡി.എ-യുടെ നിർദ്ദേശ പ്രകാരം ഇതര സംസ്ഥാനങ്ങൾക്കു സമാനമായി നാഷണൽ പെൻഷൻ സ്കീം ട്രസ്റ്റുമായും നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡുമായും സംസ്ഥാന സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി നാഷണൽ പെൻഷൻ സ്കീം ട്രസ്റ്റുമായും നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡുമായും എന്തെല്ലാം കരാറുകളിലാണ് ഒപ്പുവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | |
| (സി) | സർക്കാർ അംഗീകരിച്ച എല്ലാ വ്യവസ്ഥകളും കരാറിൽ ഇരു സ്ഥാപനങ്ങളും പൂർണ്ണമായും അംഗീകരിക്കുകയുണ്ടായോ; ഏതെങ്കിലും വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതേക്കുറിച്ച് വിശദമാക്കാമോ? | ഉണ്ട് |

| | | |
|---|---|---|
| (ഡി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്ക് പുതുതായി കൊണ്ടുവന്ന ഇതര വിഭാഗങ്ങൾ എന്തൊക്കെയാണ്? | KSR ഭാഗം III പ്രകാരം പെൻഷൻ ബാധകമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണസ്ഥാപനങ്ങൾ/ ബോർഡുകൾ/യൂണിവേഴ്സിറ്റികൾ എന്നീ വിഭാഗങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Bayarani

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്